# നെന്മാണിക്യം

(നോവൽ–17)

ജോൺ ഇളമത

പാലയൂർ പള്ളിയിൽ :ആ ഇടയലേഖനം വായിച്ചു.

ഇന്ത്യൻപ്രദേശങ്ങളിലും ഗോവാനഗരത്തിലും വിഗ്രഹാരാധന നടക്കുന്നതായി നമ്മുക്കു അറിവു ലഭിച്ചിരിക്കുന്നു. ദൈവവിരുദ്ധമായ ഉത്സവങ്ങൾ നടക്കുന്നതായി നാം അറിയുന്നു. അതിനാൽ വിഗ്രങ്ങൾ കണ്ടുപിടിക്കുകയും അത് നശിപ്പിക്കുകയും ശചയ്യണമെന്ന് നാം കല്പിക്കുന്നു.

ലോഹം, തടി, കളിമണ്ണ് തുടങ്ങിയവകൊണ്ട് വിഗ്രഹങ്ങൾ നിർമ്മിക്കുന്നതും അവയുടെ ചിത്രം വരയ്ക്കുന്നതും മറ്റു സ്ഥലങ്ങളിൽ നിന്നു കൊണ്ടുവരുന്നതും കഠിനശിക്ഷയ്ക്കു കാരണമായി നാം കല്പിക്കുന്നു.



രഹസ്യമായും പരസ്യമായും വിഗ്രഹാരാധന നടത്തുന്നവരെയും അത്തരം പൂജയ്ക്കു കർപ്പൂരം, സാമ്പ്രാണി എന്നിവ ഉപയോഗിക്കുന്നവരെയും ക്രിസ്തുമതത്തിന്റെ പ്രഖ്യാപിത ശത്രുക്കളായി നാം കരുതുന്നു.

ബ്രാഹ്മണരെ സംരക്ഷിക്കുന്നവർ കഠിനമായി ശിക്ഷിക്കപ്പെടും. അവരോട് യാതൊരു സൗജന്യവും പാടില്ല. നിയമപ്രകാരമുള്ള ഏറ്റവും കഠിനശിക്ഷ അവർക്കുമേൽ ഉണ്ടാകുമെന്ന് നാം ിതിനാൽ കല്പിക്കുന്നു.

പോർത്തുഗീസ് രാജാവിന്റെ കല്പനയായിരുന്നു.

Padroado എന്ന കല്പന പോർത്തുഗീസ് രാജാവ് മാർപാപ്പയിൽ നിന്നും എഴുതി വാങ്ങിയിരുന്നു. (ലോകമെമ്പാടുമുള്ള ക്രിസ്തീയ മിഷ്യൻ രാജ്യങ്ങളുടെ മേലധികാരം).

ഗോവൻ ഗവർണ്ണറും ആർച്ചുബിഷപ്പുമായിരുന്ന ഡോ.മെനസ്സിസ്സിന്റെ അനന്തരഗാമിയായിരുന്ന ആർച്ചുബിഷപ്പ് ഗാർസ്യാ ലത്തീൻ സമ്പ്രദായം അടിച്ചേല്പിച്ചവരിൽ പ്രധാനിയായിരുന്നു.

അദ്ദേഹം മലങ്കര നസ്രാണികളുടെ അങ്കമാലി രൂപതയെ തരംതാഴ്ത്തി. കൂട്ടത്തിൽ മലങ്കര ആർച്ചുഡീക്കനെയും കൂടാതെ മലയാളക്കര ഭരിക്കാൻ കൊടുങ്ങല്ലൂരിൽ റോസ് മെത്രാനെയും സാമന്തമെത്രാന്മൊരായി വാഴിച്ചു. കാലക്രമേണ റോസ് മെത്രാൻ ആസ്ഥാനം കൊച്ചിയിലേക്ക് മാറ്റി.

റോസ് മെത്രാനാണ്, പോർത്തുഗീസ് മഹാരാജാവിനും ആർച്ചുബിഷപ്പ് ഗാർസ്യായ്ക്കും വേണ്ടി കല്പനങ്ങൾ പുറപ്പെടുവിച്ചത്.

കൊച്ചിയിലും തിരുവിതാംകൂറിലും സുറിയാനി നസ്രാണികൾ രോഷാകുലരായി. കാലാകാലങ്ങളായി തുടർന്നിട്ടുള്ള ഹൈന്ദവാചാരങ്ങളുടെ മേലുള്ള വിലക്ക്. രൂപത്തിലും സംസ്കാരത്തിലും ആചാരത്തിലും സുറിയാനി ക്രിസ്ത്യാനികൾ ഹൈന്ദവാചാരമുള്ളവരായിരുന്നു.

കുന്തിരക്കവും കർപ്പൂരവും മദ്ബഹാകളിൽ പുകച്ചിരുന്നു. പാതിരിമാരാകട്ടെ, ഹൈന്ദവമുനിമാരെപ്പോലെ കാവിവസ്ത്രം പുതച്ചിരുന്നു. കറുത്ത ചരടിൽ കോർത്ത കുരിശ് കഴുത്തിൽ ധരിച്ചിരുന്നു. അവർ തികഞ്ഞ വിശ്വാസികളായിരുന്നു. ക്രിസ്തുമാർഗ്ഗം അങ്ങേയറ്റം ഉയർത്തിപ്പിടിച്ചവരായിരുന്നു.

ഇടയലേഖനത്തിനെതിരെ പാലയൂരിൽ ആദ്യം ശബ്ദമുയർത്തിയത് പള്ളിപ്രമാണിയായ എറപ്പായിയായിരുന്നു. അദ്ദേഹം പള്ളി അങ്കണത്തിൽ ഒരു പൊതുയോഗം വിളിച്ചുകൂട്ടി അന്നത്തെ പാതിരിയായിരുന്ന കുഞ്ഞുതോമാക്കത്തനാരെയും സംബന്ധിപ്പിച്ചു.

തോമാക്കത്തനാർ പാവമായിരുന്നു. അദ്ദേഹത്തിന് എന്തുചെയ്യാൻ കഴിയും! പോർത്തുഗീസുകാർക്കുനേരെ എന്തേലും ഉരിയാടിയാൽ മഹറോൻ ചൊല്ലിതന്നെ പുറത്താക്കുമെന്ന് കത്തനാർക്കറിയാമായിരുന്നു.

എറപ്പായി പ്രതിഷേധമുയർത്തി.

ഇനീം സഹിക്കാമ്പറ്റില്ല. എമന്തലും ഒരു തീരുമാനം വേണം. വ്യാപാരത്തിനു വന്ന പറങ്കികളും ഭരണം കൈക്കലാക്കിയതുകൂടാണ്ട് നമ്മുടെ രീതികളുംപാരമ്പര്യങ്ങളും മാറ്റാൻ അവർക്കെന്തവകാശം.

മറ്റൊരു പ്രമാണിയായ പൈലൻ അതിനെ പിന്താങ്ങി.

ശരിയാ. എത്രകാലോംന്ന് കരുതിയാ ഇങ്ങനെ വീർപ്പുമുട്ടി കഴിക? എല്ലാറ്റിനും കാരണക്കാരൻ ആദ്യം ഇവിടെ നസ്രാണികളെ ഭരിക്കാൻ വന്ന അല്ലേശു പറങ്കി മെത്രാൻ മെനസ്സിസ്സു മുതലുതുടങ്ങിയതാ ഈ സമാധാനമില്ലായ്ക.

അപ്പനപ്പൂപ്പന്മാർ പറഞ്ഞുകേട്ടിട്ടൊണ്ട് ഒരു കയ്യി തോക്കും മറുകയ്യി കുരിശും പിടിച്ച് പറങ്കിപട്ടാളക്കാർ ചെയ്ത കൊള്ളരുതായ്മകൾ. എന്നിട്ട് ഉദയംപേരൂർ സുനഹദോസ് വിളിച്ചുകൂട്ടി പറങ്കിമെത്രാൻ നമ്മുടെ സഭ തട്ടിപ്പറിശച്ചടുത്തു.

ചപാക്കു പറഞ്ഞു.:

നാട്ടുകാരുടെ കൈയിലും കുറ്റും ഒണ്ട്. ആരാ ഇവിടത്തെ നസ്രാണികളെ ഒറ്റുകൊടുത്തത്? പെരമ്പടുപ്പു രാജാവായ കേശവരാമവർമ്മയും കൊച്ചീ തമ്പുരാക്കന്മാരുമൊക്കെ പിടിപ്പതു സ്വർണ്ണനാണയങ്ങൾ അവരെടേന്ന് കോഴ വാങ്ങീട്ടില്ലേ?

പുച്ചയ്ക്കാരാ മണികെട്ടാബോണത്? പൊറിഞ്ചി ഇടയ്ക്ക് ചോദിച്ചു.

എല്ലാവരും മൗനം പൂണ്ടു.

കത്തനാരച്ചൻ എന്താ നിരൂവിക്കുന്നത്? എറപ്പായി കത്തനാരോട് അഭിപ്രായമാരാഞ്ഞു.

തോമ പാതിരി എന്തോന്നു പറയാൻ? എങ്കിലും പറഞ്ഞു:

നമ്മുക്കു സഹിക്കാം? പ്രാർത്ഥിക്കാം! അല്ലാതെന്താ മറ്റു വിധി! പോർത്തുഗീസു കാരോട് എതിർക്കാമ്പോയാ പൊല്ലാപ്പാ അവർക്ക് മറാമായിൽ സ്വാധീനമൊണ്ട്. പിന്നെ കാലം കഴീമ്പം ഇതൊക്കെ മാറും!

ജസ്വീത്തമാരായ നല്ല നല്ല സാമ്പളൂർ പാതിരിമാരു വരാം തൊടങ്ങിട്ടൊണ്ട്. പോർത്തുഗല്ലിന്നും സ്പെയിനിന്നുമൊക്കെ. സത്സ്വഭാവമുള്ള നല്ല ദൈവവിശ്വാസമുള്ള മിഷണറിമാര്. അവര് പാവങ്ങളെ ഒക്കെ എന്തുമാത്രം സഹായിക്കുന്നു!

പൊറിഞ്ചി പറഞ്ഞു:

ശരിയാ, ധാരാളം പരവമ്മാര് മതംമാറി. എന്തോന്നിനാന്നാ പാതിരി അച്ചന്റെ വിചാരം? മീമ്പിടുത്തോം മുത്തുവാരലുമൊക്കെയായി നടന്ന ഈ കീഴാളര് മതം മാറീതേ അയിത്തോം തീണ്ടലും കൂടാണ്ട് കഴിയാനാ. നോക്കിക്കോ. എനവൊക്കെ കുറേ കഴിയുമ്പം മേലാർക്കൊപ്പം ശങ്ങളിഞ്ഞു കേറിയിരിക്കും.

തോമാക്കത്തനാർ പറഞ്ഞു.: പൊറിഞ്ചിയച്ചാ, അതാ ക്രിസ്തു പഠിപ്പിച്ച മാർഗ്ഗം. ഭൂമിയിയൊരു വർഗ്ഗമേ ഉള്ളൂ. മനുഷ്യവർഗ്ഗം. അവരെ സ്നേഹിപ്പാനല്ലേ മാർത്തോമാസ്ലീഹാ നമ്മേ പഠിപ്പിച്ചത്.

അപ്പോ പിന്നെ ഈ പറങ്കിമേധാവികളു കാണിക്കുന്നതോ.

സ്നേഹിക്കാത്തവരൊന്നും യഥാർത്ഥ ക്രിസ്ത്യാനികളല്ല.

എറപ്പായി ആ സംവാദത്തിന് അവസാനമിട്ടു.

നമക്ക് കൂടീരിക്കുന്ന കാര്യം ആലോചിക്കാം. ലോകത്തീ നീതീം അനീതീം ഒണ്ട്. അതിനല്ലേ നമ്മള് യോഗം കൂടിയത്. തോമാകത്തനാര് പറഞ്ഞതുതന്നെ ശരി. ഭൂമിലൊരു വർഗ്ഗമേ ഒള്ളൂ. മനുഷ്യേമ്മാരുടെ വർഗ്ഗം. അവരുതമ്മി സ്നേഹിക്കാനുമാ ക്രിസ്തുവും മാർത്തോമായും നമ്മെ പഠിപ്പിച്ചത്.

നമക്ക് മൂപ്പന്മാരേം പ്രമാണിമാരേം കൂട്ടി കൊച്ചീക്കൊന്നു പോയി റോസുമെത്രാനെ ഒന്നു കണ്ടാലോ? അദ്ദേഹത്തിനാണേ പരസഹായമില്ലാണ്ട് മലയാളം കേക്കാനും പറയാനുമറിയാം.

തോമാക്കത്തനാരു പറഞ്ഞു.:

അതുകൊണ്ടൊന്നും കാര്യോല്ല. എറപ്പായി അവരു കടുംപിടുത്തക്കാരാ. അവരു പിടിച്ച മൊയലിനു മൂന്നു കൊമ്പൊണ്ടെന്ന് വാദിക്കുന്നോരാ. അതല്ലേ ഇത്രം നാള് സുറിയാനി സഭേ കാണാത്ത പാഷണ്ഡത അവരു കണ്ടുപിടിച്ചത്? അവർക്കൊറ്റ വാശിയേ ഒള്ളൂ. നമ്മുടെ സഭേ അവരുടെ കീഴിലാക്കണം. അവരടെ മര്യാദേലാക്കണം. ന്നാലേ അവരുദ്ദേശിക്കുന്നതു നടക്കൂ. അവരടെ കീഴി നിക്കൂ.

ഇതൊക്കെ ക്രിസ്ത്യാനിക്കു ചേരാത്തതല്ലേ? എന്തോന്നാ നമ്മടെ പൂർവ്വികരെ മാർത്തോമാസ്ലീഹാ പഠിപ്പിച്ചത്? യേശുക്രിസ്തുവിന്റെ ജനനരഹസ്യം. എന്തിനാ പുത്രൻതമ്പുരാൻ ഭൂമിയിലേക്കിറങ്ങി വന്നത്? സ്മനഹം പഠിപ്പിക്കാൻ. ഇതു സ്നേ

ഹമാണോ പാതിരി അച്ചാ. നമ്മളു വെറുതെ ഇരുന്നോ, ഇനീം അവരു നമ്മടെ പൊറത്തു കുതിരകേറത്തേ ഒള്ളൂ. എറപ്പായി തറപ്പിച്ചു പറഞ്ഞു.

ഒരു കാര്യം കേക്കാം തൊടങ്ങീട്ടൊണ്ട്. കെയ്റോയീന്നൊരു കൽദായ മെത്രാൻ നമ്മെ ഭരിക്കാൻ പ്രത്യേകം വരുന്നെന്ന്. സിറിയായിലെ സുറിയാനിക്കാരായ പട്ടക്കാരുവഴി അറിയാം കഴിഞ്ഞതാണ്.

യൂരോപായിൽ രോമായിൽ പോയി മടങ്ങിവരുന്ന മൊത്രനാ. അദ്ദേഹം വന്നാ നമ്മക്കെട മലങ്കര സുറിയാനിസഭ പഴേപടി ആകും. രോമായിൽ നിന്നധികാരം വാങ്ങിയാണ് വരുന്നത്. ഇവിടെ പോർത്തുഗീസുകാടെ രീതിം മാതിരിമൊക്കെ അദ്ദേഹമവിടെ പറഞ്ഞു കേപ്പിട്ടിട്ടൊണ്ട്

അദ്ദേഹത്തിന്റെ പേര് മാർ അഹാബത്തുള്ള എന്നാണ് കേക്കുന്നത്. അലെപ്പായിലെ യാക്കോബായ മെത്രാനായിരുന്നു. രോമായിൽ പോയി പഠിച്ച് കത്തോലിക്കനായി. വേദപണ്ഡിതനാണ്. യൂരോപായിലേം ഏഷ്യാ രാജ്യത്തേം ഭാഷ ഒക്കെ പറയും.

അദ്ദേഹമവിടെ മെത്രാമ്മാരുടെ സദസ്സിൽ ഇവിടത്തെ കാര്യമൊക്കെ പറഞ്ഞിട്ടുട്ടൊണ്ട്.

തോമാസ്ലീഹാ മലയാളത്തുപള്ളി ഒണ്ടാക്കി. അവിടെ ബിംബാമില്ല. ക്രൂശേ ഒള്ളൂ. അങ്ങോട്ടു മെത്രാമ്മാരെ അയച്ചോണ്ടിരുന്നതു സുറിയാൻ കഥോലിക്കോസ്സു തന്നെ. പട്ടക്കാർക്കും കുടുമതന്നെ പട്ടമാകുന്നു. കുട്ടികളെ സ്നാനം ചെയ്യുന്നതിന് നാല്പതുനാൾവേണം. മരിച്ചാ മൂന്നാം ദാളിൽ പുലനീക്കം. നോമ്പു വളരെ ഉണ്ട്. ഒന്നാം ജൂലായിൽ തോമാവിൽ ഉത്സവം പ്രധാനം. വേദപുസ്തകങ്ങളും വ്യാഖ്യാനങ്ങളും വളരെ ഉണ്ട്. വിദ്വാന്മാർ അതു നോക്കി കുട്ടികളെ പഠിപ്പിക്കുന്നു.

ഹൈന്ദവാചാരമാണവർക്കു കൂടുതലും. അവരുടെ ദൈവം യേശു ക്രിസ്തു തന്നെ. കുന്തിരിക്കോം കർപ്പൂരോം അവരും മദുബായി പോകക്കും. യേശുവിന്റേം മാതാവിന്റേം രൂപം അവരു വണങ്ങും. അവിടെ ചന്ദനത്തിരി കത്തിക്കും. തടിയിലോ ലോഹത്തിലോ രൂപങ്ങളെ പള്ളി വെക്കും. അതിന് ഹിന്ദുബിംബോമായി യാതൊരു ബന്ധോമില്ല. എല്ലാം സത്യക്രിസ്ത്യാനീടെതന്നെ.

തോമക്കത്തനാർ പറഞ്ഞുനിർത്തിയപ്പോൾ മൂപ്പമ്മാർക്കും പ്രമാണിമാർക്കും പ്രത്യാശയായി.

അപ്പോൾ മുതൽ അവർ മാർ അഹാത്തുള്ളയുടെ വരവും കാത്തിരിപ്പായി.

(തുടരും..........)

************************